പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3280 24.02.2016-ലെ മറുപടിക്ക്

ജയിലുകളിലെ അസ്വാഭാവിക മരണങ്ങൾ

ചോദ്യം

ശ്രീ.കെ.കെ.നാരായണൻ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ജയിലുകളിൽ എത്ര അസ്വാഭാവിക മരണങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) 22 അസ്വാഭാവിക മരണങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ 4 പേർ പരോളിലായിരിക്കെയാണ് മരണപ്പെട്ടിട്ടുള്ളത്. |
| ബി) പ്രസ്തുത മരണങ്ങൾ സംഭവിക്കുന്നത് ഏത് സാഹചര്യത്തിലാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) പ്രസ്തുത മരണങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മരണപ്പെട്ട യു.റ്റി.നം.2076 ശ്രീധരൻ എന്ന തടവുകാരന്റെ ഭാര്യയ്ക്ക് 07.02.2014 തീയതിയിൽ 3,00,000/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. മരണപ്പെട്ട ആർ.പി.നം.9248 ബാലൻ എന്ന തടവുകാരന്റെ ആശ്രിതർക്ക് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നഷ്ടപരിഹാരത്തുക നൽകുന്നത് സംബന്ധിച്ചുള്ള ഫയൽ പരിശോധിച്ചുവരുന്നു. അസ്വാഭാവികമായി മരണപ്പെട്ട മറ്റു തടവുകാരുടെ ആശ്രിതർക്ക് നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടില്ല. |
| ഡി) പ്രസ്തുത മരണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ